പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2619 09.07.2015 -ൽ മറുപടിക്ക്.

## പാചകവാതക വിതരണത്തിലെ തടസ്സങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി.പി.മുഹമ്മദ്**<br>**ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. എ.റ്റി.ജോർജ്**<br>**ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി** | **ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പാചക വാതക ടാങ്കർ തൊഴിലാളികളുടെയും ഗ്യാസ് ഫില്ലിംഗ് തൊഴിലാളികളുടെയും സമരം കാരണം പാചക വാതക വിതരണം പലപ്പോഴും തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ പാചക വാതക ഫില്ലിംഗ്, വിതരണ ജോലികൾ അവശ്യ സർവ്വീസായി പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ; | (ബി) പാചകവാതക വിതരണവും നീക്കവും പാചകവാതക ഫില്ലിംഗും അനുബന്ധ പ്രവർത്തനങ്ങളും അവശ്യ സർവ്വീസായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) പാചക വാതക സിലിണ്ടറിന്റെ വിതരണത്തിലുള്ള ക്രമക്കേടുകൾ പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ? | (സി) പാചകവാതക വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ ഓപ്പൺ ഫോറങ്ങളിൽ താലൂക്ക് സപ്ലൈ ആഫീസർമാരും ഓയിൽ കമ്പനി പ്രതിനിധികളും പങ്കെടുത്ത് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിച്ച് പരാതി പരിഹരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ